**ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ്**
വികാസ് ഭവൻ, തിരുവനന്തപുരം
ടെലിഫോൺ-0471-2300523,24,2302090
ഇ-മെയിൽ-director.mwd@gmail.com
വെബ് സൈറ്റ്-www.minoritywelfare.kerala.gov.in

ഭരണ ഭാഷ-മാതൃഭാഷ

നം. MWD/579/2024-S തീയതി.14-11-2024

## വിജ്ഞാപനം

## രാജ്യത്തെ പ്രധാനപ്പെട്ട ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളായ IITs/IIMs/IISc/IMSc – കളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് 2024-25 അപേക്ഷ ക്ഷണിക്കുന്നു.

രാജ്യത്തെ പ്രധാനപ്പെട്ട ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളായ IITs/IIMs/IISc/IMSc – കളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് അപേക്ഷകൾ ക്ഷണിക്കുന്നു. 2024-25 സാമ്പത്തിക വർഷം രാജ്യത്തെ പ്രധാനപ്പെട്ട ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളായ IITs/IIMs/IISc/IMSc – കോഴ്സുകളിൽ ഉപരി പഠനം (PG/PhD) നടത്തുന്ന ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട (മുസ്ലീം, ക്രിസ്ത്യൻ (എല്ലാ വിഭാഗക്കാർക്കും), സിഖ്, ബുദ്ധ, ജൈന, പാഴ്സി) സ്കോളർഷിപ്പ് അനുവദിക്കുന്നത്. **അനുവദിക്കുന്ന കോഴ്സുകൾ സംബന്ധിച്ച വിവരം ന്യൂനപക്ഷ ക്ഷേമ വകുപ്പ് വെബ് സൈറ്റിൽ ലഭ്യമാണ്.** അപേക്ഷകർ ബന്ധപ്പെട്ട യോഗ്യതാ പരീക്ഷയിൽ (ഡിഗ്രി/ബി.ഇ/ ബി.ടെക്/Pre-qualifying exam) 55% മാർക്ക്നേടിയിരിക്കണം. **ഐഐടികളിലും ഐഐഎമ്മുകളിലും രണ്ടുവർഷത്തെ ബിരുദാനന്തര ബിരുദം പഠിക്കുന്ന ഒന്നും രണ്ടും വർഷ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പിന് അപേക്ഷിക്കാം. ഒന്നാം/രണ്ടാം/മൂന്നാം/നാലാം/അഞ്ചാം വർഷ I M S c വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പിന് അപേക്ഷിക്കാൻ അർഹതയുണ്ട്.** ബി.പി.എൽ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മുൻഗണന നൽകുന്നതാണ്. ബി.പി.എൽ അപേക്ഷകരുടെ അഭാവത്തിൽ കുടുംബ വാർഷിക വരുമാനം 8 ലക്ഷം രൂപ വരെയുള്ള എ.പി.എൽ വിഭാഗക്കാരെയും പരിഗണിക്കുന്നതാണ്. കേരളത്തിലെ സ്ഥിരതാമസക്കാരായ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. 50% സ്കോളർഷിപ്പ് പെൺകുട്ടികൾക്കായി സംവരണം ചെയ്തിട്ടുണ്ട്. നിശ്ചിത ശതമാനം പെൺകുട്ടികൾ ഇല്ലാത്തപക്ഷം അർഹരായ ആൺകുട്ടികളേയും സ്കോളർഷിപ്പിന് പരിഗണിക്കുന്നതാണ്. വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് കുടുംബ വാർഷിക വരുമാനത്തിന്റെയും മാർക്കിന്റെയും അടിസ്ഥാനത്തിൽ ജനസംഖ്യാനുപാതികമായിട്ടാണ്. തെരഞ്ഞെടുക്കുന്ന ന്യൂനപക്ഷ

വിദ്യാർത്ഥിയ്ക്ക് കോഴ്സ് കാലാവധികളിൽ 50,000/- രൂപയാണ് സ്കോളർഷിപ്പ് തുകയായി അനുവദിക്കുന്നത്. ഒറ്റ തവണ ലഭിക്കുന്ന സ്കോളർഷിപ്പ് പദ്ധതിയാണിത്. മുൻ വർഷം വകുപ്പിൽ നിന്നും പ്രസ്തുത സ്കോളർഷിപ്പ് ലഭിച്ചവർ അപേക്ഷിക്കേണ്ടതില്ല. കൂടാതെ മറ്റ് വകുപ്പുകളിൽ നിന്നും IITs/IIMs/IISc/IMSc - എന്നീ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന സ്കോളർഷിപ്പ് ലഭിക്കുന്നവർ പ്രസ്തുത സ്കോളർഷിപ്പിന് അപേക്ഷിക്കേണ്ടതില്ല. അപേക്ഷകർക്ക് ഏതെങ്കിലും ദേശസാൽകൃത ബാങ്ക്/ഷെഡ്യൂൾഡ് ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം.

അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2024 ഡിസംബർ 05 വരെയാണ്. ഡയറക്ടർ, ന്യൂനപക്ഷ ക്ഷേമ വകുപ്പ് നാലാം നില, വികാസ് ഭവൻ, തിരുവനന്തപുരം - 33 എന്ന വിലാസത്തിൽ നിശ്ചിത തീയതിക്കകം പൂർണ്ണമായ അപേക്ഷ ലഭ്യമാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2300524, 0471-2302090 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

<u>Indian Institute of Technology (IITs) കോഴ്സ് വിവരങ്ങൾ</u>

| Sl. No. | Course | Duration | Eligibility/ Selection Criteria | Scholarship amount |
|---|---|---|---|---|
| 1 | Master of Science [MSc/MS] | 2 years | IIT studying students with minimum 55% of marks in Degree/Pre-qualifying exam | 50,000 |
| 2 | Master of Science-Engineering [MS] | 2 years | IIT studying students with minimum 55% of marks in Degree/Pre-qualifying exam | 50,000 |
| 3 | Master of Technology [M.Tech] | 2 years | IIT studying students with minimum 55% of marks in BE/B.Tech Degree/ Pre-qualifying exam | 50,000 |
| 4 | Master of Arts | 2 years | IIT studying students with minimum 55% of marks in Degree/ Pre-qualifying exam | 50,000 |

മേൽ പറയുന്ന കോഴ്സുകൾക്ക് അർഹരായ വിദ്യാർത്ഥി/അപേക്ഷകൾ ഇല്ലാത്ത പക്ഷം Indian Institute of Technology -യിലെ താഴെ പറയുന്ന കോഴ്സിന് പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികളെ സ്കോളർഷിപ്പിന് പരിഗണിക്കുന്നതാണ്.

| Sl. No. | Course | | Eligibility/ | Scholarship amount |
|---|---|---|---|---|

| | | Duration | Selection Criteria | |
|---|---|---|---|---|
| 5 | **All PhD/Integrated PhD/Research** | 3 and above years (depends on selection of courses and its eligibility | IIT studying students with minimum 55% of marks in Degree//Pre-qualifying exam | 50,000 |

സെലക്ഷൻ മാനദണ്ഡത്തിൽ മുകളിൽ പറഞ്ഞ IIT കോഴ്സുകൾക്കാണ് പ്രഥമ പരിഗണന. മേൽപ്പറഞ്ഞ കോഴ്സുകളിൽ നിന്ന് ആനുകൂല്യം ലഭിക്കാൻ മതിയായ വിദ്യാർത്ഥികളില്ലെങ്കിൽ, അത് ചുവടെ സൂചിപ്പിച്ചിരിക്കുന്ന കോഴ്സിന് IIT-കളിൽ പഠിക്കുന്ന യോഗ്യരായ വിദ്യാർത്ഥികൾക്ക് നൽകുന്നതാണ്.

| Sl. No. | Course | Duration | Eligibility/ Selection Criteria | Scholarship amount |
|---|---|---|---|---|
| 6 | **Master of Business Administration - [MBA] (all stream)** | 2 and above years | IIT studying students with minimum 55% of marks in Degree//Pre-qualifying exam | 50,000 |

IIMs കോഴ്സ് വിവരങ്ങൾ

| Sl. No. | Course | Duration | Eligibility/ Selection Criteria | Scholarship amount |
|---|---|---|---|---|
| 1 | Post graduate Diploma in Management (PGDM,PGDBA, PGP,PGPM,MBA) (All Stream are included) (The Specialization Courses in Human Resources, Liberal Studies & Management, Finance, Business Analytics, Public | 2 and above years | IIM studying students with minimum 55% of marks in Degree/Pre-qualifying exam | 50,000 |

| | | | | |
|---|---|---|---|---|
| | Policy & Management, Enterprise Management, Agribusiness Management are also covered in the above scheme.) | | | |

Institute of mathematical science -Chennai (IMSc) കോഴ്സ് വിവരങ്ങൾ

| Sl. No. | Course | Duration | Eligibility/ Selection Criteria | Scholarship amount |
|---|---|---|---|---|
| 1 | Master of Science Theoretical Physics | 5 years for PhD Research Scholars. | IMSc studying students with minimum 55% of marks in Pre-qualifying exam (PG) | 50,000 |
| 2 | Master of Science Mathematics | 5 years for PhD Research Scholars. | IMSc studying students with minimum 55% of marks in Pre-qualifying exam (PG) | 50,000 |
| 3 | Master of Science Theoretical Computer Science | 5 years for PhD Research Scholars. | IMSc studying students with minimum 55% of marks in Pre-qualifying exam(PG) | 50,000 |
| 4 | Master of Science Computational Biology | 5 years for PhD Research Scholars. | IMSc studying students with minimum 55% of marks in Pre-qualifying exam (PG) | 50,000 |

മേൽ പറയുന്ന കോഴ്സുകൾക്ക് വിദ്യാർത്ഥികൾ ഇല്ലാത്ത പക്ഷം താഴെ പറയുന്ന കോഴ്സിന് പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതാണ്.

| Sl. No. | Course | Duration | Eligibility/ Selection Criteria | Scholarship amount |
|---|---|---|---|---|
| 5 | All PhD/ Integrated PhD /Research Programmes | 3 and above years (depends on selection of courses and its eligibility criteria) | IMSc studying students with minimum 55% of marks in Pre-qualifying exam | 50000 |

Indian Institute of Science Bangalore (IISc) കോഴ്സ് വിവരങ്ങൾ

| Sl. No. | Course | Duration | Eligibility/ Selection Criteria | Scholarship amount |
|---|---|---|---|---|
| 1 | All PhD/ Integrated PhD /Research Programmes | 3 and above years *(depends on selection of courses and its eligibility criteria)* | IISc studying students with minimum 55% of marks in Degree/BE/ B.Tech/Pre-qualifying exam | 50000 |
| 2 | MSc (Life Science) | 2 years | IISc studying students with minimum 55% of marks in Degree/BE /B Tech/Pre-qualifying exam | 50,000 |
| 3 | MSc (Chemical Sciences) | 2 years | IISc studying students with minimum 55% of marks in Degree/Pre-qualifying exam | 50,000 |
| 4 | Master of Technology [M.Tech] | 2 years | IISc studying students with minimum 55% of marks in BE/B.Tech/Prequalifying exam | 50,000 |
| 5 | M.Des (Product Design and Engineering) | 2 years | IISc studying students with minimum 55% of marks in Degree/BE/ B.Tech/Pre-qualifying exam | 50,000 |

മേൽ പറയുന്ന കോഴ്സുകൾക്ക് വിദ്യാർത്ഥികൾ ഇല്ലാത്ത പക്ഷം താഴെ പറയുന്ന കോഴ്സിന് പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതാണ്.

| Sl. No. | Course | Duration | Eligibility/ Selection Criteria | Scholarship amount |
|---|---|---|---|---|
| 1 | MBA/ Master of Management Programme (MMgt) (all streams) | 2 years | IISc studying students with minimum 55% of marks in Degree/B.E./ B.Tech /Pre-qualifying exam | 50,000 |

<u>അപേക്ഷിക്കേണ്ട രീതി:</u>

*www.minoritywelfare.kerala.gov.in* എന്ന വെബ് സൈറ്റിൽ നിന്നും ലഭിക്കുന്ന അപേക്ഷ ഫോം പൂരിപ്പിച്ച് താഴെ പറയുന്ന രേഖകൾ സഹിതം ഡയറക്ടർ, ന്യൂനപക്ഷക്ഷേമവകുപ്പ്, നാലാം നില, വികാസ് ഭവൻ, തിരുവനന്തപുരം - 33 എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്.

I. <u>അപേക്ഷകർ ഹാജരാക്കേണ്ട രേഖകൾ</u>

1. പൂർണ്ണമായ അപേക്ഷ ഫോട്ടോ സഹിതം സമർപ്പിക്കുക.
2. എസ്.എസ്.എൽ.സി., പ്ലസ് ടു, വി.എച്ച്.എസ്.ഇ, ഡിഗ്രി/ബി.ഇ/ ബി.ടെക്/pre-qualifying exam ഇടങ്ങിയവയുടെ മാർക്ക് ലിസ്റ്റിന്റെ പകർപ്പ്.
3. IIM/IIT/IISc/IMSc – കോഴ്സുകളിൽ പ്രവേശനം ലഭിച്ചത് തെളിയിക്കുന്ന രേഖകൾ

   (അഡ്മിഷൻ കാർഡ്, കോഴ്സ് ഫീസ് ഒടുക്കിയതിന്റെ രസീത്, ഐ.ഡി.കാർഡ് എന്നീ രേഖകൾ)
4. അപേക്ഷകരുടെ സ്വന്തം പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ പകർപ്പ്

   <u>(പേര്, അക്കൗണ്ട് നമ്പർ, IFSC കോഡ്, ബ്രാഞ്ചിന്റെ അഡ്രസ്സ് എന്നിവ ഉൾക്കൊള്ളണം).</u>
5. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്
6. ആധാർ കാർഡിന്റെ കോപ്പി
7. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ്/മൈനോരിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ്.
8. വരുമാന സർട്ടിഫിക്കറ്റ് വില്ലേജ് ഓഫീസിൽ നിന്ന്
9. റേഷൻ കാർഡിന്റെ പകർപ്പ്

## II. അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ

1. അപേക്ഷകൻ/അപേക്ഷക കേരള സംസ്ഥാനത്തിലെ ഏതെങ്കിലും ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന ആളായിരിക്കണം (മുസ്ലിം, ക്രിസ്ത്യൻ(എല്ലാ വിഭാഗക്കാർക്കും) , സിഖ്, ജൈന, പാഴ്സി, ബുദ്ധ ).

2. അപേക്ഷകനും മാതാപിതാക്കളും കേരളത്തിൽ സ്ഥിര താമസക്കാരായിരിക്കണം.

3. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന. ബി.പി.എൽ അപേക്ഷകരുടെ അഭാവത്തിൽ കുടുംബ വാർഷിക വരുമാനം 8 ലക്ഷം രൂപ വരെയുള്ള എ.പി.എൽ വിഭാഗക്കാരെയും പരിഗണിക്കുന്നതാണ്.

4. വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് സംസ്ഥാനത്തിലെ ന്യൂനപക്ഷങ്ങളുടെ ജനസംഖ്യാനുപാതികമായും, ബി.പി.എൽ വിഭാഗത്തിന് പ്രഥമ പരിഗണന നൽകിയും കുടുംബ വാർഷിക വരുമാനത്തിൻറെയും മാർക്കിന്റെയും അടിസ്ഥാനത്തിലു മായിരിക്കും.

5. ഡി.ഗ്രി/ബി.ഇ/ബി.ടെക്/യോഗ്യതാ പരീക്ഷ പൂർത്തീകരിച്ചതിന്റെ കൺസോളി ഡേറ്റഡ് മാർക്ക് ലിസ്റ്റിന്റെ കോപ്പി (ശതമാനം/ഗ്രേഡ് ഉൾപ്പെടെ) അപേക്ഷ യോടൊപ്പം നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

6. അപേക്ഷകർക്ക് ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. സ്കോളർഷിപ്പ് തുക ട്രഷറിയിൽ നിന്നും DBT വഴി ടി അക്കൌണ്ടിലേയ്ക്ക് തുക നിക്ഷേപിക്കുന്നതാണ്.

7. സ്കോളർഷിപ്പ് അനുവദിക്കുന്നതിനായുള്ള തെരഞ്ഞെടുപ്പ് സംബന്ധിച്ച വിഷയ ങ്ങളിൽ സ്കോളർഷിപ്പ് (സെലക്ഷൻ കമ്മിറ്റിയുടെ) തീരുമാനം അന്തിമമായിരിക്കും.

8. പൂരിപ്പിച്ച അപേക്ഷ, വിദ്യാഭ്യാസ യോഗ്യതയും മാർക്കും, മറ്റു യോഗ്യതകൾ എന്നിവ തെളിയിക്കുന്ന രേഖകളും ബാങ്ക് അക്കൗണ്ട് വിവരങ്ങളും സഹിതം **2024 ഡിസംബർ 5 - നകം** ഡയറക്ടർ, ന്യൂനപക്ഷ ക്ഷേമ വകുപ്പ്, നാലാം നില, വികാസ് ഭവൻ, തിരുവനന്തപുരം - 33 എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. നിശ്ചിത തീയതിക്ക് ശേഷം ലഭ്യമാകുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

വിശ്വസ്തതയോടെ,
ഡയറക്ടർ

അംഗീകാരത്തോടെ

അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

GOVERNMENT OF KERALA

DIRECTORATE OF MINORITY WELFARE

# APPLICATION FOR IITs/IIMs/IISc /IMSc SCHOLARSHIP 2024-2025

| (*BPL /APL Candidates with family income less than 800000 per annum are eligible to apply) | |
|---|---|
| Name of Student with passport size photo | |
| Date of Birth | |
| Age | |
| Gender | |
| Address of Applicant<br><br>(Home) | |
| District | |
| Caste<br><br>(Any one of the below category are eligible to apply )Muslim, Christian (all categories) , Buddha, Sikh, Jain, Parsi | |

| | |
|---|---|
| Religion | |
| Whether BPL | |
| If APL, mention Family Income.<br><br>(APL Candidates with family income less than 800000 per annum can apply) | |
| Have you received similar scholarships from other departments.<br><br>(If Yes specify the name of scholarship and amount) | |
| Educational Institute (IITs, IIMs, IISc and IMSc) | |
| Address of Educational institution | |
| Institution Department contact number and e-mail ID | |
| Course Pursuing (Post Graduate level)<br><br>Course Period (2 year/3 year or more than 3 year) | |
| Course Pursuing (PhD level)<br><br>Course Period (3 year/5 year/ more than 5 year) | |
| Year of Study<br><br>(1st year, 2nd year) | |

| | |
|---|---|
| Educational Qualifications (Minimum 55% of marks in Degree/Pre-qualifying exam) | |
| Registration/Admission number | |
| Institute ID card number | |
| Student Contact Number | |
| Student E-mail id | |

| | | |
|---|---|---|
| Date | | |
| Place | | |

***Refer official notification regarding eligible courses**